പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 459      11.12.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" സി. പി. മുഹമ്മദ്<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" വി. റ്റി. ബൽറാം | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ വികസനത്തിന്റെ ഭാഗമായി വർഷംതോറും 1000 പുതിയ ബസ് നിരത്തിലിറക്കുക എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ 625 പുതിയ ബസ്സുകൾ ഇതിനകം നിരത്തിലിറക്കി കഴിഞ്ഞിട്ടുണ്ട്. അവ ഉപയോഗിച്ച് 293 പുതിയ ഷെഡ്യൂളുകളും ആരംഭിച്ചിട്ടുണ്ട്. ജെൻറം പദ്ധതി പ്രകാരം ലഭിച്ച ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരത്തും, എറണാകുളത്തും സിറ്റി സർവ്വീസുകളും, ദീർഘദൂര സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. എറണാകുളം-മൂവാറ്റുപുഴ റൂട്ടിൽ ബഹു. കോടതി വിധി പ്രകാരം സ്വകാര്യ ബസ്സുകൾ നിർത്തലാക്കേണ്ട സ്ഥിതി വരികയാണെങ്കിൽ കെ.എസ്.ആർ.ടി.സി 68 പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ്സ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നൽകികൊണ്ടുള്ള കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. നിയമപരമായ നടപടികൾ തീർത്ത് അവസാന വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പൊന്നാനി-ചമ്രവട്ടം പാലം-ചേളാരി റൂട്ട് ദേശസാൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | ദീർഘദൂര സർവ്വീസുകൾക്കായി മൾട്ടി ആക്സിൽ ലക്ഷ്വറി ബസ്സുകൾ വാങ്ങുന്നതിനും പദ്ധതിയുണ്ട്. |
| (ബി) | എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കുകയും എത്ര പുതിയ ബസ്സുകൾക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്; | (ബി) | 625 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. 325 ഷാസികൾക്ക് പർച്ചേയ്സ് ഓർഡർ നൽകിയിട്ടുണ്ട്. |
| (സി) | വിവിധ ബസ് ടെർമിനലുകളുടെ പ്രവൃത്തികളിൽ എത്രമാത്രം പുരോഗതി നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | ബി.ഒ.ടി അടിസ്ഥാനത്തിൽ അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം (തമ്പാനൂർ), തിരുവല്ല എന്നീ സ്ഥലങ്ങളിൽ കെ.റ്റി.ഡി.എഫ്.സി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിൽ അങ്കമാലിയുടെ ഉദ്ഘാടനം 2011 ജനുവരി 19 -ന് കഴിഞ്ഞു. ബാക്കി സ്ഥലങ്ങളിൽ പണി പുരോഗമിച്ചു വരുന്നു.<br>കെ.എസ്.ആർ.ടി.സി. സ്വന്തമായി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ കാസർഗോഡ്, കൊട്ടാരക്കര, കാട്ടാക്കട എന്നിവിടങ്ങളിൽ പണി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങി കഴിഞ്ഞു. കൂടാതെ നെടുമങ്ങാട്, തൊടുപുഴ, നെയ്യാറ്റിൻകര എന്നീ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |
| (ഡി) | ഏതെല്ലാം തരത്തിലുള്ള പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ഉൾപ്രദേശങ്ങളെയും നഗരങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സർക്കുലർ സർവ്വീസായ രാജധാനി റിംഗ് റോഡ് സർവ്വീസ് എന്ന പുതിയ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ജെൻറം പദ്ധതി പ്രകാരം ലഭിച്ച എ.സി. വോൾവോ ബസ് ഉപയോഗിച്ച് തിരുവനന്തപുരത്തു നിന്നും എറണാകുളത്തു നിന്നും ദീർഘദൂര സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. |

Geethakumari

സെക്ഷൻ ഓഫീസർ